ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നെടുവൻകാവ് പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകൾ

785 [1154] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ നെടുവൻകാവ് പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകളുടെ എണ്ണവും മറ്റു സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ സജീവ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നാട്ടുകാരുടെ നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിന് പൊതുമരാമത്തു വകുപ്പ് അടങ്കൽ തയ്യാറാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) 'ബി' യിലെ ഉത്തരം കാണുക.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

786 [1155] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് ഉണ്ട്;

(സി) എത്രയെണ്ണത്തോടനുബന്ധിച്ച് പ്രസവ വാർഡുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്റ്റാഫ് കാർട്ടേഴ്സും പ്രസവ വാർഡും ഇല്ലാത്ത ആശുപത്രികളിൽ അവ നിർമ്മിക്കുന്നതിനു ഗവൺമെൻറിന് എന്തെങ്കിലും പരിപാടിയുണ്ടോ?

ഉത്തരം

(എ) 164.

(ബി) അവയിൽ 55 എണ്ണത്തോടനുബന്ധിച്ച് സ്റ്റാഫ് കാർട്ടേഴ്സുകളും ഉണ്ട്. 20 എണ്ണത്തിൽ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) 144

(ഡി) 50 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽകൂടി താമസസൗകര്യം ഏർപ്പാടു ചെയ്യാൻ പദ്ധതിയുണ്ട്.

പേമാരിയും വെള്ളപ്പൊക്കവും മൂലമുള്ള കൃഷിനാശം.

787 [1156] ശ്രീ. സേവ്യർ അറയ്ക്കൽ:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന പ്രോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ കൊല്ലത്തെ പേമാരിയും വെള്ളപ്പൊക്കവുംമൂലം കൃഷിക്കാർക്കു നൽകിയ സഹായത്തിന്റെ വിശദ വിവരം മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

പേമാരിയും വെള്ളപ്പൊക്കവുംമൂലം കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്കു നൽകിയിട്ടുള്ള സഹായങ്ങൾ താഴെ പറയുന്നവയാണ്:

1. ബണ്ടു മുറിഞ്ഞു മട വീണു മണ്ണു കയറി നാശം സംഭവിച്ച നെൽപ്പാടങ്ങൾക്ക് ഏക്കർ ഒന്നിന് 50 രൂപ വീതം.

2. കൃഷി നശിച്ചവർക്കു വീണ്ടും കൃഷിയിറക്കുന്നതിന് സൗജന്യമായി വിത്തും മറ്റു നടീൽ വസ്തുക്കളും.

3. സ്വന്തമായി വിത്തു ശേഖരിച്ചു കൃഷി വീണ്ടും ചെയ്ത കർഷകർക്കു ഹെക്റ്റർ ഒന്നിന് പരമാവധി 90 രൂപാ സബ്സിഡി. ബണ്ടു പൊട്ടി നഷ്ടം സംഭവിച്ച ഇനത്തിൽ 21.277 ലക്ഷം രൂപയും രണ്ടാം കൃഷിക്കുവേണ്ടി വിത്തു വാങ്ങാൻ 12.252 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 33.529 ലക്ഷം രൂപയുടെ സഹായം കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്. ജില്ല തിരിച്ച് വിശദ വിവരങ്ങൾ ഉള്ള ഒരു പട്ടിക ഇതോടൊന്നിച്ച് വച്ചിട്ടുണ്ട്.† സഹായങ്ങൾ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നതിനാൽ കണക്കു പൂർണ്ണമല്ല.

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly